അപ്രതീക്ഷിതമായി ഉണ്ടാകുന്ന ജാഥകളും, ഗതാഗതസ്തംഭനം തുടങ്ങി കോർപ്പറേഷന്റെ നിയന്ത്രണത്തിനു് അതീതമായ കാരണങ്ങളാലാണു്.

(ബി) ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

സിറ്റി ലിമിറ്റഡു് സ്റ്റോപ്പു് ബസു് സർവ്വീസു്

86 [125] ശ്രീ. പി. പി. എസ്തോസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിൽനിന്നും കരകുളം വഴി അരുവിക്കര വരെ ഓടുന്ന സിറ്റി ലിമിറ്റഡു് സ്റ്റോപ്പു് സർവ്വീസു് പേരൂർക്കട സ്റ്റോപ്പു് കഴിഞ്ഞു് 30 പൈസ പോയിന്റായ കരകുളം പാലം ജംഗ്ഷനിൽകൂടി നിറുത്തി യാത്രക്കാരെ കൊണ്ടുപോകുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആവശ്യം മുൻനിറുത്തി ഒരു ഭീമ ഹർജി ഗവൺമെന്റിനു് കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു എന്നു് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) കിഴക്കേക്കോട്ട–അരുവിക്കര (കരകുളം വഴി) സർവ്വീസു് നടത്തുന്ന ലിമിറ്റഡു് സ്റ്റോപ്പു് സർവ്വീസിനു് കരകുളം പാലം ജംഗ്ഷനിൽ ഒരു സ്റ്റോപ്പു് അനുവദിക്കുന്നതിനെപ്പറ്റി വളരെ മുമ്പുതന്നെ വിശദമായി പരിശോധിച്ചിട്ടുള്ളതാണു്.

നിശ്ചിത സമയപരിധിക്കുള്ളിൽ ഇപ്പോഴത്തന്നെ എത്തിച്ചേരാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ കൂടുതൽ സ്റ്റോപ്പുകളും നൽകുന്നതു് പ്രസ്തുത സർവ്വീസിന്റെ കാര്യക്ഷമമായ നടത്തിപ്പിനു് വിഘാതം വരുത്തും. കൂടുതലായി ഒരു സ്റ്റോപ്പു് അനുവദിക്കുന്നപക്ഷം അതു് മറ്റു ചില സ്ഥലങ്ങളിൽകൂടി സ്റ്റോപ്പു് അനുവദിക്കേണ്ട സാഹചര്യം സൃഷ്ടിക്കാനിടയുണ്ടു്. ഇക്കാരണങ്ങളാൽ ഇപ്പോഴുള്ളതിൽ കൂടുതലായി ഒരു സ്റ്റോപ്പു് അനുവദിക്കാൻ നിവൃത്തിയില്ല എന്നതാണു് സ്ഥിതി.

കിഴക്കേക്കോട്ട–കരകുളം സിറ്റി ബസു് സർവ്വീസു്

87 [126] ശ്രീ. പി. പി. എസ്തോസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിൽനിന്നും കരകുളം വഴി അരുവിക്കര വരെ ഒരു ദിവസം എത്ര സിറ്റി ബസ്സുകളും സർവ്വീസു നടത്തുന്നുണ്ടു്;

(ബി) സ്റ്റാച്യു ജംഗ്ഷനിൽനിന്നും അരുവിക്കര വരെ എത്ര സിറ്റി ബസ്സുകളും സർവ്വീസു് നടത്തുന്നുണ്ടു്; ഏതെല്ലാം സമയങ്ങളിൽ;

(സി) പാളയം ബസു് സ്റ്റോപ്പിൽനിന്നും അരുവിക്കര വരെ എത്ര ബസ്സുകളും സർവ്വീസു് നടത്തുന്നുണ്ടു്; ഏതെല്ലാം സമയങ്ങളിൽ;

(ഡി) യാത്രക്കാരുടെ സൗകര്യാർത്ഥം വൈകുന്നേരം സ്റ്റാച്യു ജംഗ്ഷനിൽനിന്നും 5-30-നും പാളയം ജംഗ്ഷനിൽനിന്നു് 6-30-നും ഓരോ ബസു് സർവ്വീസുകൂടെ നടത്തുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly